പല പ്രാവശ്യം ചർച്ചചെയ്യുകയും വിഷയ നിർണ്ണയസമിതിയുടെ ശുപാർശയനുസരിച്ച് കാർഷിക സർവ്വകലാശാലയ്ക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2.2 കോടി രൂപ ലഭിച്ചു. മറ്റു വകുപ്പുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ

82 (4121) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിൽ എത്ര പ്രൊഫസർമാരുടെയും അദ്ധ്യാപകരുടേയും തസ്തികകൾ നിലവിലുണ്ട് എന്നും ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും അവ നികത്താൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജിന്റെ വികസനം ലക്ഷ്യമാക്കി ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 പ്രൊഫസർ തസ്തികകളും 13 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും ഒൻപത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 27 അദ്ധ്യാപകരുടെ സേവനം ലഭ്യമാണ്.

(ബി) കാർഷിക സർവ്വകലാശാലയിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 19-9-2001-ൽ കൂടിയ പബ്ലിക് അക്കൗണ്ടസ് കമ്മിറ്റി ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശം അനുസരിച്ചാണ് നിയമനം നടത്താത്തത്.

(സി) നടപടികൾ കൈക്കൊണ്ടു വരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ പർച്ചേസ് കമ്മിറ്റി

83 (4122) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഓരോ വർഷവും മരുന്നുകളും മറ്റു സാധനങ്ങളും വാങ്ങുന്നതിന് ഓർഡർ നൽകുന്നതും സ്വീകരിക്കുന്നതും വില നൽകുന്നതും മൃഗസംരക്ഷണ വകുപ്പിലെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly